

# കോട്ടാറ്റ് സെന്റ് ആന്റണീസ് ഇടവക

ചാലക്കുടി പട്ടണത്തിന്റെ പടിഞ്ഞാറെ അതിര് കാക്കുന്ന കരയാണ് കോട്ടാറ്റ്. ചാലക്കുടിപ്പുഴയുടെ ഓരം ചേർന്ന് കിടക്കുന്ന പ്രദേശം. കർഷകജീവിതത്തിന്റെ നന്മനിറഞ്ഞ മനുഷ്യർ.

ചരിത്രത്തിന്റെ എഴുതപ്പെടാത്ത മൊഴികളിൽ 'കോട്ട അറ്റ് പോയ സ്ഥലം' അല്ലെങ്കിൽ 'കോട്ട ആറായി മാറിയ സ്ഥലം' എന്നാണ് കോട്ടാറ്റ് അറിയപ്പെടുന്നത്. അണക്കെട്ടുകൾ വരുന്നതിനുമുമ്പ് ചാലക്കുടിപ്പുഴയ്ക്ക് കരകവിഞ്ഞ് ഒഴുകുന്നതുപോലെ ഗതിമാറി ഒഴുകുന്ന സ്വഭാവമുണ്ടായിരുന്നു. അമ്പഴക്കാടും, കൊരട്ടിയും, ചാലക്കുടിയും ക്രൈസ്തവ വിശ്വാസത്തിന്റെ വേരോട്ടമുള്ള പ്രദേശങ്ങളായിരുന്നു. ഈ മൂന്ന് ദൈവാലയങ്ങൾക്കും മദ്ധ്യേ നൂറ് വർഷം മുമ്പ് മുളപൊട്ടിയതാണ് കോട്ടാറ്റിന്റെ ദൈവാലയ സ്വപ്നം.

## കോൺവെന്റ്, ദേവാലയം

1919-ലാണ് കോട്ടാറ്റിൽ ക്ലാരമഠം സ്ഥാപിതമാകുന്നത്. അതോടൊപ്പം ദൈവാരാധനക്ക് വിശ്വാസികൾക്ക് ഇടംകിട്ടി. മഠത്തിനോട് ചേർന്ന് ഒരു കൊച്ചു ദൈവാലയം. ഒരു ഇടവക ദൈവാലയത്തിൽ എന്നപോലെ വിശ്വാസികൾ അവിടെ ഒത്തുകൂടി. വിശ്വാസത്തിന്റെ തിരിതെളിയിച്ച് മുമ്പേ നടന്നത് സ്ഥാപകൻ ബഹു. കാവുങ്കൽ അന്തോണിയച്ചനായിരുന്നു. അന്ന് കോട്ടാറ്റിലുണ്ടായിരുന്ന സമൂഹം വക സ്കൂൾ കോൺവെന്റിന് കൈമാറി. ആ സ്കൂളിലായിരുന്നു ഇപ്പോൾ നാമകരണ നടപടികൾ ആരംഭിച്ചിട്ടുള്ള ഈ നാട്ടുകാരനായ തച്ചുപറമ്പിൽ ബഹു. അന്തോണിയച്ചൻ പഠിച്ചത്. വിശുദ്ധ അന്തോണീസിന്റെ നാമധേയത്തിൽ ആ സ്കൂൾ പിന്നീട് യു.പി. സ്കൂളും, ഹൈസ്കൂളുമായി വളർന്നു. ഇവിടെ മതബോധന ക്ലാസ്സുകൾ നടത്തിയിരുന്നു. ജനങ്ങളുടെ ആത്മീയ പുരോഗതിയിൽ ബഹു. സിസ്റ്റേഴ്സിന്റെ സേവനം വലിയ പങ്ക് വഹിച്ചിട്ടുള്ള കാര്യം നന്ദിയോടെ സ്മരിക്കുന്നു.

1950-കളിൽ ചാലക്കുടി ഫൊറോന പള്ളിയിലെ സഹവികാരിമാരായിരുന്നു കോട്ടാറ്റ് മഠം ബംഗ്ലാവിൽ താമസിച്ച് ആദ്ധ്യാത്മിക കാര്യങ്ങൾക്ക് നേതൃത്വം നല്കിയിരുന്നത്. 1963-ലാണ് പടിഞ്ഞാറെ ചാലക്കുടി നിത്യസഹായമാതാവിന്റെ ഇടവക ദൈവാലയ ശിലാസ്ഥാപനവർഷം. 1966-ൽ പണി പൂർത്തിയായി. 1968-ൽ പടിഞ്ഞാറെ ചാലക്കുടി ഇടവക രൂപംകൊണ്ടപ്പോൾ കോട്ടാറ്റ് പ്രദേശവും ഉൾപ്പെട്ടിരുന്നു.

1996 ആഗസ്റ്റ് 15-ന് കോട്ടാറ്റിലെ 196 വീട്ടുകാർ കോട്ടാറ്റ് സ്കൂളിൽ ഒത്തുചേർന്നു. വികാരി റവ. ഫാ. തോമസ് മേനാച്ചേരിയായിരുന്നു അദ്ധ്യക്ഷൻ. ഒരു ഇടവക ദൈവാലയം വേണമെന്ന് ഏകകണ്ഠമായി തീരുമാനിച്ചു, ഒരു കമ്മിറ്റി രൂപീകരിച്ചു. 3 ഏക്കർ സ്ഥലം പണം കൊടുത്ത് വാങ്ങി. അതിന് ജനങ്ങളുടെ ഉദാരമായ സംഭാവനയായിരുന്നു മാർഗ്ഗം. 10 ലക്ഷം രൂപയോളം കൊടുത്ത് 12 പേരിൽ നിന്നായി വാങ്ങിയ മൂന്ന് ഏക്കർ സ്ഥലത്താണ് 1998 മേയ് 9-ന് ദൈവാലയത്തിന്റെ ശിലാസ്ഥാപനം ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചത്. റവ. ഫാ. ജോണി മേനാച്ചേരിയായിരുന്നു വികാരി.


വൈദിക മന്ദിരം

## കുരിശുപള്ളി, സിമിത്തേരി, ഇടവക

സിമിത്തേരിയുടെ നിർമ്മാണമാണ് ആദ്യം ആരംഭിച്ചത്. പുതിയ രൂപഘടനയിൽ 12 സെന്റ് സ്ഥലത്ത് മേല്പുരയോടുകൂടിയ സിമിത്തേരിയിൽ 214 ബർത്ത് കല്ലറകൾ ഉണ്ട്. 2000 ജനുവരി 15-ന് സിമിത്തേരിയുടെയും കുരിശുപള്ളിയുടെയും ആശീർവാദം നടന്നു. തുടർന്ന് ഇടവക രൂപീകരണത്തിനുള്ള നടപടികളുമായി മുന്നോട്ടുപോയി. 2001 ജനുവരി 14-ന് ഇരിങ്ങാലക്കുട രൂപതയിലെ 125-ാമത്തെ ഇടവകയായി കോട്ടാറ്റ് സെന്റ് ആന്റണീസ് ഇടവക നിലവിൽ വന്നു.(Order No. DL 1/2001/67/2001. Dt. 10.01.2001) 210 വീട്ടുകാരായിരുന്നു അന്ന് ഉണ്ടായിരുന്നത്.

## പുതിയ പള്ളി

റവ. ഫാ. ജോസ് മാളിയേക്കൽ ആയിരുന്നു പ്രഥമ വികാരി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ദൈവാലയനിർമ്മാണം ആരംഭിച്ചത് 2001-ലാണ്. 12 പട്ടങ്ങളിൽ മനോഹരമായ മുഖമണ്ഡപത്തോടെ പണിതീർത്ത ദൈവാലയത്തിന്റെ കൂദാശകർമ്മം മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 2005 ജനുവരി 1-ന് സാഘോഷം നടന്നു.

## വൈദികമന്ദിരം

തുടർന്ന് വികാരിയായി വന്നത് വെരി. റവ. ഫാ. സെബാസ്റ്റ്യൻ ഈഴേക്കാടനാണ്. ആധുനിക സൗകര്യത്തോടെ നിർമ്മിച്ച വൈദികമന്ദിരം 2007 നവംബർ 11-ാം തിയ്യതി വെഞ്ചിരിച്ചു.

## സ്ഥിരം വികാരി

ഇടവകയിൽ സ്ഥിരതാമസമുള്ള വികാരി റവ. ഫാ. തോമസ് വെളക്കനാടൻ 2008 ജനുവരി 3-ന് ചുമതലയേറ്റു. ഇടവകയിലെ വിവിധ പ്രവർത്തനങ്ങൾ സജീവമായി മുന്നേറുന്നു. ആറ് കുടുംബയൂണിറ്റുകളിലായി 227 വീടുകളുണ്ട്. 5 വൈദികരും, 30 സിസ്റ്റേഴ്സും, 1200 കത്തോലിക്കാ വിശ്വാസികളും ഉൾപ്പെടുന്നതാണ് കോട്ടാറ്റ് ഇടവക. വി.യൂദാതദേവൂസിന്റെ ഒരു കപ്പേളയും ഇടവകയിലുണ്ട്.


ബഹു. കപ്ലോനച്ചന്റെ ബംഗ്ലാവ്


സെന്റ് ജോൺ ബാപ്റ്റിസ്റ്റ് എഫ്.സി.സി.കോൺവെന്റ്


മഠത്തിന്റെ ദേവാലയം


സ്ക്കൂൾ